നമ്പർ.ജി(2)17539/2008

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 26.4.2008.

**സർക്കുലർ നമ്പർ 26/2008.**

**വിഷയം:** സഹകരണ വകുപ്പ് - കാസറഗോഡ് നിയോജക മണ്ഡലം ആരോഗ്യ മേള - സഹകരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവന - അനുവാദം നൽകുന്നത്.

**സൂചന:** ശ്രീ. സി.റ്റി. അഹമ്മദ് അലി എം.എൽ.എ(കാസർഗോഡ്) ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിക്ക് നൽകിയ 27.3.2008 തീയതിയിലെ അഭ്യർത്ഥന.

കാസർഗോഡ് നിയോജകമണ്ഡലം 'ആരോഗ്യമേള 2008' ഏപ്രിൽ 26 ന് കാസർഗോഡ് മുൻസിപ്പൽ ഹയർസെക്കന്ററി സ്കൂളിൽവച്ച് നടക്കുകയാണെന്നും മേളയുമായി ബന്ധപ്പെട്ട് ഏകദേശം പതിനായിരത്തോളം രോഗികൾ ചികിത്സയ്ക്കായി എത്തുമെന്ന് പ്രതീക്ഷിക്കുന്നതായും അറിയിച്ചിട്ടുണ്ട്. ടി മേളയുടെ നടത്തിപ്പിനായി ജില്ലയിലെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായം അനുവദിക്കുന്നതിന് അനുമതി നൽകുന്നതിനും സൂചന പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ, ആരോഗ്യമേളയുടെ നടത്തിപ്പിനുള്ള ചിലവ് ഭാഗികമായി വഹിക്കുന്നതിനായി കാസർഗോഡ് നിയോജക മണ്ഡലത്തിലെ സഹകരണസംഘങ്ങൾക്ക് സഹകരണ നിയമം വകുപ്പ് 56(2)(ഡി) പ്രകാരം രൂപീകരിച്ചിട്ടുള്ള പൊതുനൻമ ഫണ്ടിൽ നിന്നോ അല്ലെങ്കിൽ സംഭാവന ഇനത്തിലുള്ള ബഡ്ജറ്റ് വിഹിതത്തിൽ നിന്നോ പരമാവധി 10000/- (പതിനായിരം രൂപാ മാത്രം) രൂപയിൽ അധികരിക്കാത്ത തുക അതാത് സംഘങ്ങളുടെ സാമ്പത്തിക സ്ഥിതി അനുസരിച്ച് സംഭാവന നൽകുന്നതിന് അനുമതി നൽകുന്നു.

ഒപ്പ്,
റാണിജോർജ്ജ് ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ.

പകർപ്പ്:
1. ജോയിന്റ് രജിസ്ട്രാർ (ജനറൽ, ആഡിറ്റ്), കാസർഗോഡ്.
2. എല്ലാ പ്രാഥമിക സംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
3. സ്പെയർ/സ്റ്റോക്ക് ഫയൽ.

ആജ്ഞാനുസരണം,

സഹകരണ സംഘം രജിസ്ട്രാർക്കുവേണ്ടി.